**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4590** **02-07-2024 - ല്‍ മറുപടിയ്ക്ക്**

**വനതോട്ടങ്ങള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എ. രാജ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനം വകുപ്പിന് കീഴില്‍ വനതോട്ടങ്ങള്‍ സംരക്ഷിച്ചു വരുന്നുണ്ടോ; എങ്കില്‍ പ്രസ്തുത തോട്ടങ്ങളുടെ വിസ്തൃതി വ്യക്തമാക്കുമോ; | (എ) | സംരക്ഷിച്ചുവരുന്നുണ്ട്. പ്രസ്തുത തോട്ടങ്ങളുടെ വിസ്തൃതി 1,57,142.01 ഹെക്ടർ ആണ്. |
| (ബി) | ഏതെല്ലാം പ്രത്യേക സസ്യങ്ങളും മരങ്ങളും വച്ചുപിടിപ്പിച്ചാണ് വനതോട്ടങ്ങള്‍ വികസിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ചന്ദനം, തേക്ക്, പൈൻ, തേമ്പാവ്, വെൺതേക്ക്, ഈട്ടി, മഹാഗണി, ഇലവ്, ഞാവൽ, അക്കേഷ്യ, യൂക്കാലിപറ്റസ്, മുള, ഔഷധ സസ്യങ്ങൾ തുടങ്ങിയവ വച്ച് പിടിപ്പിച്ചാണ് വന തോട്ടങ്ങൾ വികസിപ്പിച്ചിട്ടുള്ളത്. |
| (സി) | ഇത്തരം തോട്ടങ്ങളുടെ പരിപാലനത്തിനുള്ള സംവിധാനങ്ങള്‍ വിശദമാക്കുമോ; | (സി) | അംഗീകൃത വർക്കിംഗ് പ്ലാൻ പ്രകാരം മെക്കാനിക്കൽ തിന്നിംഗ്, സിൽവികൾച്ചർ തിന്നിംഗ് തുടങ്ങിയ പ്രവർത്തികളും, ഇടവെട്ട്, കള നിർമ്മാജ്ജനം, വളം ചേർക്കൽ, കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം തുടങ്ങിയ സംവിധാനങ്ങളാണ് തോട്ടങ്ങളുടെ പരിപാലനത്തിനായി ഏർപ്പെടുത്തിവരുന്നത്. |
| (ഡി) | പ്രസ്തുത തോട്ടങ്ങളില്‍ നിന്നും വകുപ്പിന് വരുമാനം ലഭ്യമാകുന്നുണ്ടോ; എങ്കില്‍ വിശദവിവരം ലഭ്യമാക്കുമോ; | (ഡി) | ലഭ്യമാകുന്നുണ്ട്. ഇത്തരം തോട്ടങ്ങളിൽ നടത്തുന്ന ഇടവെട്ട്, അടച്ചുമുറി (അവസാനമുറി) എന്നിവയിലൂടെ ലഭിക്കുന്ന തടികൾ സർക്കാർ ഡിപ്പോയിൽ ലേലം ചെയ്ത് വിൽക്കുന്ന മുറയ്ക്ക് സർക്കാരിന് വരുമാനം ലഭിക്കുന്നുണ്ട്. |
| (ഇ) | ഭാവി വരുമാന വര്‍ദ്ധന ലക്ഷ്യമിട്ട് പുതിയ വനതോട്ടങ്ങള്‍ നട്ടുവളര്‍ത്തുന്നതിന് പദ്ധതികള്‍ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | ആസൂത്രണം ചെയ്തിട്ടുണ്ട്. അന്തിമ വെട്ടലുകൾ നടത്തുന്ന തോട്ടങ്ങൾക്ക് പകരം വർക്കിംഗ് പ്ലാൻ നിർദ്ദേശാനുസരണം പുതിയ വന തോട്ടങ്ങൾ നട്ടുവളർത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ